**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2728** **13-10-2021 - ൽ മറുപടിയ്ക്ക്**

**ആലുവ കാഞ്ഞൂർ പഞ്ചായത്തിലെ തിരുനാരായണപുരം പട്ടിക ജാതി കോളനിയിലെ പകൽ വീട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | ആലുവ കാഞ്ഞൂർ പഞ്ചായത്തിലെ തിരുനാരായണപുരം പട്ടിക ജാതി കോളനിയിലെ പകൽ വീട് എല്ലാ സൗകര്യങ്ങളോടും കൂടി പ്രവർത്തന സജ്ജമായിട്ടും അതിന്റെ പ്രവർത്തനം നാളിതുവരെ ആരംഭിക്കാത്തതിന് കാരണം വ്യക്തമാക്കുമോ; | (എ) | പ്രസ്തുത പട്ടികജാതി കോളനിയിലെ പകൽവീട് 2008-ൽ കാഞ്ഞൂർ ഗ്രാമ പഞ്ചായത്തിന്റെ SCP ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചതാണ്. തുടർന്ന് സ്വയംപര്യാപ്ത ഗ്രാമം പദ്ധതി ഫണ്ട് ഉപയോഗിച്ച് മെയിന്റനൻസ് നടത്തുകയും 2017-18-ലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് SCP-ഫണ്ട് ഉപയോഗിച്ച് വീട്ടുപകരണങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. നിലവിൽ പകൽവീട് കെട്ടിടം ഗ്രാമപഞ്ചായത്തിന് വിട്ടു നൽകിയിട്ടുള്ളതിനാൽ ആയതിന്റെ പ്രവർത്തനവും നടത്തിപ്പും കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിലാണ്. |
| (ബി) | ഈ വിഷയത്തിൽ ബഹു മന്ത്രിയ്ക്ക് നൽകിയ നിവേദനത്തിന്മേൽ ( നമ്പർ 017/2021/VIP/M(SC,ST&D) പട്ടികവർഗ വികസന വകുപ്പ് ഡയറക്ടർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത നിവേദനത്തിന്മേൽ നടപടികൾ സ്വീകരിക്കുന്നതിനായി പട്ടികജാതി വികസന വകുപ്പിന് കൈമാറിയിട്ടുണ്ട്. നിലവിൽ പ്രസ്തുത വിഷയം പട്ടികജാതി വികസന വകുപ്പിന്റെ പരിഗണനയിലാണ്. |
| (സി) | ഈ പകൽ വീടിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കുമെന്ന് പറയാമോ? | (സി) | പ്രസ്തുത നിവേദനത്തിന്മേൽ നടപടികൾ സ്വീകരിക്കുന്നതിനായി പട്ടികജാതി വികസന വകുപ്പിന് കൈമാറിയിട്ടുണ്ട്. നിലവിൽ പ്രസ്തുത വിഷയം പട്ടികജാതി വികസന വകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ